KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

**11.09.2009**

# എച്ച്ഐവി നിയന്ത്രണം: പോലീസ് ഉദ്യോഗസ്ഥർക്ക് അവബോധം ആവശ്യം – കമ്മീഷണർ

കൊച്ചി: എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളേക്കുറിച്ച് ഏറ്റവും കൂടുതൽ അവബോധം ആവശ്യമായ വിഭാഗമാണ് പോലീസ് സേനയെന്ന് സിറ്റി പോലീസ് കമ്മീഷണർ മനോജ് ഏബ്രഹാം അഭിപ്രായപ്പെട്ടു. എച്ച്ഐവി നിയന്ത്രണ, പ്രതിരോധ പ്രവർത്തനങ്ങളിൽ കേരള പോലീസും പങ്കാളിയാകുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ പോലീസ് ഓഫീസർമാർക്കായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തിയ ശിൽപശാല ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

എച്ച്ഐവി അണുബാധിതർ ഉൾപ്പെടുന്ന കേസുകളിൽ ഭയമില്ലാതെ അന്വേഷണവുമായി മുന്നോട്ടു പോകാൻ ഇത്തരം ശിൽപശാലകൾ സഹായിക്കും. സന്നദ്ധ രക്തദാന മേഖലയിൽ പോലീസിന് ഊർജസ്വലതയോടെ പ്രവർത്തിക്കാൻ സാധിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പോലീസ് സേനയിലെ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളുടെ ജില്ലയിലെ നോഡൽ ഓഫീസറായ അസിസ്റ്റന്റ് പോലീസ് കമ്മിഷണർ അമോസ് മാമന്റെ അധ്യക്ഷത വഹിച്ചു. സുരക്ഷ പ്രോജക്ട് മാനേജർ ഷിബു അഗസ്റ്റിൻ സ്വാഗതം ആശംസിച്ചു.

ആർസിഎച്ച് ഓഫീസർ ഡോ. പാർവതി, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ, ബിനു ജോർജ്, സി.പി.കെ പ്ലസ് ഭരവാഹി ജോസഫ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകളെടുത്തു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള സുരക്ഷ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള മേഖലകളിൽ പോലീസ് വകുപ്പിന്റെ സഹകരണം ഉറപ്പാക്കുക, പോലീസിലുള്ള എച്ച്ഐവി അണുബാധിതരടക്കമുള്ളവരോട് അനുഭാവപൂർവമായ പെരുമാറ്റം ശീലിപ്പിക്കുക, അവർക്കുള്ള ചികിത്സാലഭ്യത ഉറപ്പാക്കുക, പോലീസുകാർക്കിടയിൽ സന്നദ്ധ രക്തദാന ശീലം വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ശില്പശാല നടത്തിയത്. എസ്.ഐ മുതൽ ഡിവൈ.എസ്.പി വരെയുള്ള ഉദ്യോഗസ്ഥരാണ് ശിൽപശാലയിൽ പങ്കെടുത്തത്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**